## *താളുകൾ മറിയുമ്പോൾ.....*


ആമുഖക്കുറിപ്പ് ..........................................................................................

ഗവ.എൽ.പി.എസ് വെള്ളനാട്, പിന്നിട്ട നാളുകൾ........................................

ഇന്ന്.......................................................................................................

പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ.....................................................................

പ്രവർത്തനങ്ങൾ വിശദമായി.............................................................................

സംഗ്രഹം..................................................................................................

പ്രതീക്ഷിത നേട്ടങ്ങൾ.....................................................................................

കുട്ടികളുടെ എണ്ണം........................................................................................

മികവുകൾ നേട്ടങ്ങൾ....................................................................................

വിദ്യാലയത്തിന്റെ രൂപരേഖ...........................................................................

നന്ദി........................................................................................................

## *ആമുഖക്കുറിപ്പ്*

**സാ**മ്രാജ്യങ്ങൾ തകർന്നടിയാം, സ്വരൂപങ്ങൾ അന്യം നിൽക്കാം, ദേശാതിർത്തികൾ മാറിമറിയാം പക്ഷേ ഇതിലൊന്നും ആണ്ടുപോകാതെ ഗ്രാമജീവിതം താളാത്മകമായി മുന്നോട്ടുപോകും. ഈ ഗ്രാമതാളത്തിന് ഈണം പകർന്നുകൊണ്ട് സാംസ്കാരിക പ്രതിഭാസങ്ങളും പ്രസ്ഥാനങ്ങളും കാലാകാലങ്ങളിൽ രൂപംകൊള്ളും. ചരിത്രമുറങ്ങുന്ന വെള്ളനാട് ഗ്രാമത്തിൽ 19-ാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ ഉദയംകൊണ്ട ഒരു സാംസ്കാരിക സ്ഥാപനമാണ് വെള്ളനാട് പ്രൈമറി സ്കൂൾ. കൃത്യമായി പറഞ്ഞാൽ 1891 ലെ വിജയദശമി നാളിൽ. 134ാം വയസ്സിലേക്ക് കടക്കുന്ന ഈ വിദ്യാലയ മുത്തശ്ശിയുടെ തിരുമുറ്റത്ത് അറിവ് നുകരാനെത്തുന്ന കുരുന്നുകളുടെ എണ്ണം അഞ്ഞൂറിലേറെയാണ്. പഠിതാക്കളുടെ എണ്ണത്തിലും നിലവാരത്തിന്റെ കാര്യത്തിലും ഏറെ മുന്നിൽ നിൽക്കുന്ന ഈ വിദ്യാലയത്തിന്റെ അടുത്ത രണ്ട് വർഷത്തേക്കായി തയ്യാറാക്കുന്ന പ്രവർത്തനരേഖയുടെ ആമുഖക്കുറിപ്പാണിത്.

മൺപാത്രയുഗമെന്ന് നരവംശ ശാസ്ത്രജ്ഞന്മാർ ഓമനപ്പേരിട്ട് വിളിക്കുന്ന നവീനശിലായുഗത്തിലെ ജനസമൂഹത്തിന്റെ കാൽപ്പാടുകൾ പതിഞ്ഞ മണ്ണാണ് വെള്ളൂർനാട് എന്ന് പുരാരേഖകളിൽ പരാമർശിക്കുന്ന വെള്ളനാട്. ജലലഭ്യത സജീവമായിടത്തെല്ലാം രൂപംകൊണ്ട ജനപദങ്ങൾ അവശേഷിപ്പിച്ചുപോയ ഭൗതിക തെളിവുകൾ ഈ ദേശത്ത് പരക്കെ കാണാം. കണ്ണമ്പള്ളിയിലും വെളിയന്നൂരിലും മണിക്കുറുമ്പിലും മുണ്ടേലയിലും നിന്ന് ലഭിച്ച നന്നങ്ങാടികളും അയിരൂരിന്റെ കിഴക്കെ ചരിവിൽ കണ്ടെത്തിയ കൽക്കൂടാരവും ശിലായുഗമനുഷ്യരുടെ ശവമടക്ക് സമ്പ്രദായത്തിലേക്ക് വെളിച്ചം വീശുന്നു.

1891-ൽ ശ്രീമൂലം തിരുനാളിന്റെ ഭരണകാലത്ത് വെള്ളനാട് എൽ.പി.എസ് സ്ഥാപിതമായി. വെള്ളനാട് ആദ്യത്തെ സർക്കാർ സാംസ്കാരിക കേന്ദ്രം 1930-ൽ ഈ വെർണാക്കുലർ സ്കൂളിനോട് അനുബന്ധിച്ച് പൊതുജനങ്ങൾക്കായി ഒരു ഗ്രന്ഥശാല സർക്കാർ ചെലവിൽ ആരംഭിച്ചു. സ്വാതന്ത്ര്യലബ്ധി വരെ സ്കൂളിനോട് ചേർന്ന് പ്രവർത്തിച്ചിരുന്ന ഈ ഗ്രന്ഥശാല പഞ്ചായത്തിന് കീഴിലും പിന്നീട് ഗ്രന്ഥശാല സംഘത്തിന്റെ കീഴിലുമായി. വെള്ളനാട്ടെ പൊതുസമൂഹത്തിന്റെ സംഘടനാബോധം ഉണരുന്നത് രണ്ടാംലോക മഹായുദ്ധകാലത്താണ്.

സഹകരണ സംഘവും സഹൃദയ കലാസമിതിയും വൈദേശികൾക്കായുള്ള കളിക്കളങ്ങളും രൂപം കൊള്ളുന്നത് ഈ കാലഘട്ടത്തിലാണ്..

വെറുമൊരു നാട്ടുഭാഷാ പള്ളിക്കൂടമായി ആരംഭിച്ച വെള്ളനാട് പ്രൈമറി സ്കൂളിന്റെ പുരാവൃത്തവും വികസന വഴികളും ചർച്ച ചെയ്യുമ്പോൾ മറന്നു കൂടാത്ത ചില വ്യക്തിത്വങ്ങളുണ്ട്.ഈ വിദ്യാലയമുത്തശ്ശിയുടെ അക്ഷരമുറ്റത്ത് പിച്ചവെച്ച് പ്രസിദ്ധരായി തീർന്നവർ. തിരുവിതാംകൂറിലെ അവസാനത്തെയും ഐക്യ കേരളത്തിലെ ആദ്യത്തെയും പോലീസ് ഇൻസ്പെക്ടർ ജനറൽ ആയിരുന്ന എൻ. ചന്ദ്രശേഖരൻ നായർ, മുൻ എംഎൽഎ ആർ കേശവൻ നായർ, പത്മശ്രീ വിശ്വനാഥൻ സാർ, ട്രാവൻകൂർ സിസ്റ്റേഴ്സ് എന്ന പേരെടുത്ത സിനിമാതാരങ്ങളായ ലളിത-പത്മിനി-രാഗിണി മാർ, ജനതാ പാർട്ടിയുടെ ദേശീയ കൗൺസിൽ അംഗമായിരുന്ന പ്രൊഫ.ആർ.സുന്ദരേശൻ നായർ,സകലകലാ വല്ലഭനായിരുന്ന ബാലകൃഷ്ണൻ നായർ സർ,(ബാലൻസാർ), സുപ്രസിദ്ധ കവിയും ചലച്ചിത്ര ഗാന രചയിതാവും ആയിരുന്ന വെള്ളനാട് നാരായണൻ എന്നിവരും, ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ പ്രാദേശിക ചരിത്രം രചിച്ച് 'ലിംക ബുക്ക് ഓഫ് റിക്കോർഡ്'സിൽ ഇടംനേടിയ വെള്ളനാട് രാമചന്ദ്രൻ അവർകളും സംസ്ഥാന സ്കൂൾ അത്‌ലറ്റിക് മീറ്റിൽ വെള്ളി, വെങ്കല മെഡലുകളും ദേശീയ മീറ്റിൽ വെള്ളി മെഡലും കരസ്ഥമാക്കിയ മഹിമ എം നായർ എന്നിവരും ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളാണ്. കഥകളിയുടെ അരങ്ങുകളിൽ നിറസാന്നിദ്ധ്യമറിയിച്ച തങ്കപ്പൻ നായർ, മികച്ച അധ്യാപകനുള്ള ദേശീയ അംഗീകാരം ലഭിച്ച ഡെന്നിസൺ സാർ എന്നിവരും ഈ സ്കൂളിന്റെ അഭിമാനങ്ങളാണ്.

AD 1891 ൽ തുടക്ക ക്ലാസും ഒന്ന് രണ്ട് ക്ലാസുകളുമായി വെള്ളൂർനാട് വർണാകുലർ സ്കൂൾ ഇന്നത്തെ ഹൈസ്കൂൾ നിലകൊള്ളുന്ന അന്നത്തെ പുറമ്പോക്ക് ഭൂമിയിൽ ആരംഭിച്ചു. 1969-ൽ എൽ.പി.എസിനെ ഹൈസ്കൂളിൽ നിന്നും വിടർത്തി നിലവിലെ സ്ഥാനത്ത് കൊണ്ടുവന്നു. നമ്മുടെ സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ തീവ്രമായി പരിശ്രമിച്ചത് ശ്രീമാൻ ഡെന്നിസൺസാറാണ്. ഈ സ്കൂളിനുവേണ്ടി അദ്ദേഹം കാഴ്ചവച്ച ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങൾക്ക് 1975-ൽ മികച്ച അധ്യാപകനുള്ള ദേശീയ അവാർഡ് നൽകി രാഷ്ട്രം അദ്ദേഹത്തെ ആദരിച്ചു.

1995-ൽ പ്രീ-പ്രൈമറിയും 2004-ൽ ഇംഗ്ലീഷ് മീഡിയവും ആരംഭിച്ചു. ഈ കാലത്താണ് കേരളത്തിൽ ആദ്യമായി വിഭവസമൃദ്ധമായ ഉച്ചയൂണ് നൽകിക്കൊണ്ട് നമ്മുടെ സ്കൂൾ ചരിത്രം കുറിച്ചത്. 2016- ൽ സ്കൂളിന്റെ ശതോത്തര രജതജൂബിലി ഒരു വർഷം നീണ്ടുനിൽക്കുന്ന വിപുലമായ പരിപാടികളോടെ ആഘോഷിക്കുകയും സമാപന ചടങ്ങിൽ വച്ച് ശ്രീ വെള്ളനാട് രാമചന്ദ്രൻ രചിച്ച സ്കൂൾ ചരിത്രത്തിന്റെ പ്രകാശനം അന്നത്തെ സ്പീക്കർ ബഹു. ശ്രീരാമകൃഷ്ണൻ നിർവ്വഹിക്കുകയും ചെയ്തു.

..................................................

## *ഗവ. എൽ.പി.എസ് വെള്ളനാട്*
## പിന്നിട്ട നാളുകൾ.......

**കേ**രളീയ നവോത്ഥാന കാലഘട്ടത്തിന്റെ ഉത്തമ സന്താനങ്ങളിൽ ഉന്നത സ്ഥാനത്ത് വിരാജിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒന്നാണ് 133 വയസ്സ് പൂർത്തിയാക്കിയ ഈ വിദ്യാലയത്തിന്റെ ചരിത്രം.അത് ഈ നാടിന്റെ സാംസ്കാരിക മണ്ഡലത്തിന്റെ പുരാവൃത്തം കൂടിയാണ്. വെള്ളനാടിന്റെ അക്ഷര പാരമ്പര്യത്തിന് ജൈന-ബുദ്ധ കാലഘട്ടങ്ങളോളം പഴക്കമുണ്ട്. 12-ാം നൂറ്റാണ്ടു മുതൽ 17-ാം നൂറ്റാണ്ടു വരെയുള്ള കാലം വെള്ളനാടിന്റെ വിദ്യാഭ്യാസ ചരിത്രം ഇരുളടഞ്ഞതാണ്. 19-ാം നൂറ്റാണ്ടു മുതലാണ് വിദ്യാഭ്യാസ ചരിത്രം വ്യക്തമാകുന്നത്.

പ്രീ-പ്രൈമറിക്കു തുല്യമായ ഒരു തുടക്കക്കാർക്കുള്ള ക്ലാസ്സും പിന്നെ ഒന്നും രണ്ടും ക്ലാസ്സുകളും ഉൾക്കൊള്ളുന്ന മൂന്ന് ക്ലാസ്സുകളോടെ ആയിരുന്നു വെള്ളനാട് സ്കൂളിന്റെ തുടക്കം. പ്രാരംഭക്കാർക്കുള്ള ക്ലാസ്സുകൾ കൈകാര്യം ചെയ്തിരുന്നത് പഴയ പള്ളിക്കൂടങ്ങളിൽ നിന്നും തിരഞ്ഞെടുത്ത ആശാന്മാരായിരുന്നു. മറ്റു ക്ലാസ്സുകളിൽ സർക്കാർ നിയമിച്ച അധ്യാപകരും. കുട്ടികൾക്ക് ഇന്നത്തെ പോലെ കൃത്യമായ പാഠപുസ്തക വിതരണമോ ഉച്ചഭക്ഷണം നൽകുന്ന ഏർപ്പാടോ ഉണ്ടായിരുന്നില്ല.

1963-ൽ ആണ് ഇന്നു വെള്ളനാട് ഗവ. എൽ.പി സ്കൂൾ സ്ഥിതിചെയ്യുന്ന ഒന്നര ഏക്കറോളം വരുന്ന ഭൂമി കണ്ടെത്തിയത്. ഈ സ്കൂളിനും അതുവഴി നാടിനും അപൂർവ്വ ഭാഗ്യം കൈവന്ന നാളുകളാണ് 1970 മുതലുള്ള ഒരു പതിറ്റാണ്ടു കാലം. ഈ കാലത്താണ് ഒരു ദൈവദൂതനെപ്പോലെ ഉറിയാക്കോട് നിന്നും ശ്രീ.ഡെന്നിസൺ സാർ ഈ സ്കൂളിൽ പ്രധാനാദ്ധ്യാപകനായി എത്തുന്നത്. ചുരുങ്ങിയ കാലത്തിനുള്ളിൽ കാടും പടലും പിടിച്ച് കിടന്നിരുന്ന പള്ളിക്കൂടത്തിനെ അദ്ദേഹം ഒരു പൂന്തോട്ടമാക്കി മാറ്റി. ഇന്നത്തെ പോലെ നാനാവിധമായ സർക്കാർ ഫണ്ടുകളോ ശക്തമായ പി ടി എ പോലുമോ ഇല്ലാതിരുന്ന ആ കാലത്ത് സ്വന്തം അധ്വാനം കൊണ്ടു ഉന്നതനിലവാരവും വൃത്തിയും വെടിപ്പുമുള്ള ഒരു സ്കൂൾ സൃഷ്ടിക്കുക എന്നുള്ളത് ഒരു ഭഗീരഥ പ്രയത്നം തന്നെയായിരുന്നു. വിദ്യാഭ്യാസ വകുപ്പിൽ നിന്നും സ്കൂൾ പരിശോധിക്കാൻ വന്നവർ ഈ സ്കൂളിന്റെ രൂപഭംഗിയും നടത്തിപ്പും കണ്ട് ഇതിന്റെ മേന്മകൾ വാഴ്ത്തിക്കൊണ്ട് മേലധികാരികൾക്ക് റിപ്പോർട്ടുകൾ നൽകി.

അന്നത്തെ വിദ്യാഭ്യാസ ഡയറക്ടർ ആയിരുന്ന ആർ.രാമചന്ദ്രൻ നായർ ഐഎഎസ് നേരിട്ട് സ്കൂൾ പരിശോധനയ്ക്ക് എത്തുകയും സ്കൂളിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായി പഠിച്ചതിനുശേഷം ഡെന്നിസൺ സാറിന് ദേശീയ അവാർഡിന് ശുപാർശ ചെയ്യുകയും ചെയ്തു. അങ്ങനെ 1975 ൽ  ഏറ്റവും മികച്ച അധ്യാപകനുള്ള ദേശീയ അവാർഡ് രാഷ്ട്രപതിയുടെ കയ്യിൽ നിന്നും അദ്ദേഹത്തിന് ലഭിച്ചു.

## ഇന്ന്...

ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ലയിലെ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന സർക്കാർ ലോവർ പ്രൈമറി സ്കൂളുകളിൽ ഒന്നായി വെള്ളനാട് എൽ.പി.എസ് മാറിയിട്ടുണ്ട്. 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിൽ 435 കുട്ടികൾ പഠിക്കുന്നു. ഈ അദ്ധ്യയന വർഷം യു കെ ജി യിലും എൽ കെ ജി യിലുമായി നൂറോളം കുട്ടികൾ അഡ്മിഷൻ നേടിയിട്ടുണ്ട്. ഈ വിദ്യാലയത്തെ ഇന്നത്തെ നിലയിലേക്ക് ഉയർത്തിയതിനു പിന്നിൽ നിരവധി അദ്ധ്യാപകരുടെയും രക്ഷകർതൃസമിതിയുടെയും ചിന്തയും വിയർപ്പുമുണ്ട്.ഒപ്പം ജനപ്രതിനിധികളുടെയും. ഈ സ്കൂളിലെ പ്രൈമറി സെഷനിൽ 18 അധ്യാപകർ പണിയെടുക്കുന്നു. പ്രീ-പ്രൈമറിയിൽ 6 പേരുണ്ട്. ഒരു സംഗീതം അധ്യാപികയും ഹിന്ദി ടീച്ചറും ഒരു ഫിസിക്കൽ എജ്യൂക്കേഷൻ അദ്ധ്യാപകനും ഒരു പാർട് ടൈം അറബിക് അദ്ധ്യാപകനും ഒരു പി.ടി.സി എം ഉം 3 പാചക തൊഴിലാളികളും അഞ്ച് ബസ് ജീവനക്കാരും ഇവിടെയുണ്ട്. ഇന്ന് ഈ സ്കൂളിലെ പ്രധാന അധ്യാപികയായി ചുമതല വഹിക്കുന്നത് ശ്രീമതി ലീനാരാജ് ആണ്. പി.ടി.എ പ്രസിഡന്റ് സ്ഥാനത്തിൽ ശ്രീ വി.ഐ മനുവും പ്രവർത്തിച്ചുവരുന്നു. ശക്തമായ നേതൃത്വത്തിൻ കീഴിൽ സ്കൂൾ അവിരാമം കർമ്മമണ്ഡലത്തിൽ തുടരുന്നു.

പഠനത്തോടൊപ്പം സാമൂഹിക പ്രതിബദ്ധതയോടെ നിരവധി പ്രവർത്തനങ്ങൾ നമ്മുടെ സ്കൂൾ എറ്റെടുത്ത് നടത്തുന്നു. സ്കൂളിൽ പ്ലാസ്റ്റിക് നിരോധിക്കുകയും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുകയും ചെയ്യുന്നു. പരിസ്ഥിതിയെ പച്ചപ്പണിയിക്കുക എന്ന ലക്ഷ്യത്തോടുകൂടി നമ്മുടെ സ്കൂൾ വിത്തുപേനകൾ നിർമ്മിച്ച് കുഞ്ഞുങ്ങൾക്ക് വിതരണം ചെയ്യുന്നു. ദിനാചരണങ്ങൾ സാമൂഹിക പിന്തുണയോടെ അർത്ഥവത്തായി ആചരിക്കുന്നു. പരിസ്ഥിതിദിനം, വായനദിനം, കേരളപ്പിറവി ദിനം, സേവനവാരം തുടങ്ങി പ്രധാന്യമർഹിക്കുന്ന എല്ലാ ദിനങ്ങളും വിപുലമായ പരിപാടികളോടെ ആചരിക്കുന്നു.സാമൂഹിക പങ്കാളിത്തത്തോടെ സ്കൂൾ,ക്ലാസ് ലൈബ്രറികൾ വിപുലീകരിക്കുകയും അതുവഴി വായനയെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു. കുട്ടികളുടെ ജന്മദിനത്തിൽ അവർ മിഠായിക്ക് പകരം പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിക്ക് നൽകുന്നു. കൂടാതെ ഭവന സന്ദർശനത്തിലൂടെയും പുസ്തക തൊട്ടിലിലൂടെയും പുസ്തകങ്ങൾ ശേഖരിക്കുന്നു. അമ്മവായന എന്ന

പരിപാടിയിലൂടെ രക്ഷിതാക്കളും ഈ പുസ്തകങ്ങൾ പ്രയോജനപ്പെടുത്തുന്നു.
കൂടാതെ സോപ്പ് നിർമ്മാണം, ലോഷൻ



നിർമ്മാണം, ചോക്ക് നിർമ്മാണം,തുടങ്ങിയ പ്രവർത്തനങ്ങളും സഹവാസ ക്യാമ്പ്, വാനനിരീക്ഷണം തുടങ്ങി വ്യത്യസ്ത അനുഭവങ്ങളും കുട്ടികൾക്ക് പകർന്നു നൽകുന്നു.

കേരളത്തിൽ ആദ്യമായി ഉച്ചയൂണ് ആരംഭിച്ചത് നമ്മുടെ സ്കൂളിലാണ്. മിത്രാനികേതൻ എന്ന സ്ഥാപനത്തിന്റെ സാമ്പത്തിക പിന്തുണയോടെ നമ്മുടെ സ്കൂളിൽ ഒരു ബയോഗ്യാസ് പ്ലാന്റിന് തുടക്കം കുറിക്കാനും സാധിച്ചു.

സാമൂഹിക പ്രതിബദ്ധതയോടെ ഒരു പി.എസ്.സി പരിശീലന പരിപാടി സ്കൂളിൽ ആസൂത്രണം ചെയ്യുന്നു. കൂടാതെ മുളയറയിൽ പ്രവർത്തിക്കുന്ന ആശ്വാസ് എന്ന പുനരധിവാസ കേന്ദ്രത്തിലെ അന്തേവാസികൾക്ക് മാസത്തിൽ ഒരു ദിവസത്തെ പൊതിച്ചോറ് സ്കൂളിന്റെ വകയായി നൽകുന്നു.

കുട്ടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി നിരവധി പരിശീലന പരിപാടികൾ നടപ്പിലാക്കുന്നു. പിന്നാക്കക്കാർക്കുള്ള അക്ഷരത്തിളക്കം,എൽ എസ് എസ് പരിശീലനം തുടങ്ങിയവ അവയിൽ ചിലതാണ്. ഈവർഷം മുതൽ നമ്മുടെ സ്കൂളിൽ രാഷ്ട്രഭാഷാ പഠനവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ കുട്ടിയുടെയും വീട്ടിൽ ഒരു ലൈബ്രറി എന്ന ആശയം സാധൂകരിക്കാൻ 'എന്റെ ഗ്രന്ഥപ്പുര' എന്ന പദ്ധതി നടന്നുവരുന്നു. 'വായന ചങ്ങാത്തം' എന്ന പ്രവർത്തനത്തിലൂടെ കുട്ടികളുടെ സ്വതന്ത്രവായനയും അതിലൂടെ സ്വതന്ത്ര രചനയും സാക്ഷാത്ക്കരിച്ചു വരുന്നു. ഇങ്ങനെ അക്കാദമികവും ഭൗതികവുമായ നിലകളിൽ മികച്ച പ്രകടനമാണ് വെള്ളനാട് ഗവ. എൽ പി എസ് ഇന്നാളുകളിൽ കാഴ്ചവച്ചുകൊണ്ടിരിക്കുന്നത്.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - *ഒറ്റനോട്ടത്തിൽ ........*

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം<br>ഗണിതശേഷി വികസനം<br>ഇംഗ്ലീഷ് പഠന<br>പരിപോഷണം<br>ഇംഗ്ലീഷ് അസ്സംബ്ലി<br>വായന പരിപോഷണം<br>പ്രതിഭാ പോഷണ പരിപാടി<br>സാഹിത്യ പോഷണ<br>പരിപാടി<br>പഠനയാത്രകൾ,<br>ഫീൽഡ്ട്രിപ്പുകൾ<br>കലാ-കായിക മേള<br>ശാസ്ത്രാഭിരുചി<br>വളർത്തൽ ദിനാചരണം<br>രചന ശില്പശാല<br>ചിത്രരചന<br>ഭാഷാ ഉത്സവം<br>ഗണിതോത്സവം<br>ബോധവൽക്കരണ<br>ക്ലാസ്സുകൾ<br>അഭിമുഖങ്ങൾ<br>ഗണിതലാബ്,<br>ഉല്ലാസഗണിതം,<br>ഗണിതവിജയം ഒരുക്കൽ<br>ഭാഷാക്ലബ്ബ് നിരന്തര<br>വിലയിരുത്തൽ<br>ദിനാചരണം<br>കായികപഠനം<br>ഗവേഷണാത്മക<br>പ്രവർത്തനങ്ങൾ<br>റേഡിയോ സ്റ്റേഷൻ<br>റേഡിയോ കിലുക്കാംപെട്ടി<br>അക്ഷരകിലുക്കം,ചെപ്പ് | കമ്പ്യൂട്ടർ റൂം<br>മാലിന്യ<br>സംസ്ക്കരണം<br>ലബോറട്ടറി<br>ആധുനികവൽക്കരി<br>ക്കൽ<br>മേളകൾ<br>സ്കൂൾ വാർഷികം<br>ശില്പശാല<br>ലൈബ്രറി<br>ശാക്തീകരണം<br>ജൈവ വൈവിധ്യ<br>പാർക്ക്<br>പച്ചക്കറിത്തോട്ടം<br>സോപ്പ് നിർമ്മാണം<br>കുട്ടികളുടെ ഷോപ്പ്<br>സ്മാർട്ട് ക്ലാസ്സ് റൂം<br>സോളാർ പാനൽ<br>കുട്ടികളുടെ പാർക്ക്<br>പോഷകാഹാര<br>പരിപാടി<br>ഹെൽത്തി കിഡ്സ്<br>ബുള്ളറ്റിൻ ബോർഡ് | പി.ടി.എ/ ക്ലാസ്സ് പി.ടി.എ<br>ശക്തിപ്പെടുത്തൽ.<br>എസ്.എം.സി. കാര്യക്ഷമമാക്കൽ<br>പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ<br>പ്രവർത്തനം<br>എസ്.എസ്.ജി വിപുലീകരണം<br>പ്രാദേശിക ഭരണകൂടവുമായുള്ള<br>ബന്ധം ശക്തിപ്പെടുത്തൽ.<br>ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ,<br>സന്നദ്ധസംഘടനകൾ,<br>വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വ<br>അധ്യാപകർ,<br>സഹകരണസ്ഥാപനങ്ങൾ<br>വ്യവസായ ഗ്രൂപ്പുകൾ<br>എന്നിവയുടെ സേവനം<br>വിദ്യാലയ മികവുകൾ പൊതു<br>സമൂഹവുമായി പങ്കിടൽ.<br>വിദ്യാലയ വിഭവങ്ങൾ<br>സമൂഹത്തിനുകൂടി<br>പ്രയോജനപ്പെടുത്തൽ.<br>പ്രാദേശിക പി.ടി.എ (കോർണർ<br>പി.ടി.എ)<br>ഭവനസന്ദർശനം<br>പൊതിച്ചോർ<br>മെഡിക്കൽ ക്യാമ്പ്<br>വിത്ത് പേന<br>വീട്ടിലൊരു കൃഷിത്തോട്ടം |

## പ്രതീക്ഷിത നേട്ടങ്ങൾ

• വിദ്യാലയത്തിന്റെ അക്കാദമിക നിലവാരം കൂടുതൽ മെച്ചപ്പെടുന്നു

• കരിക്കുലം നിർദ്ദേശിക്കുന്ന മുഴുവൻ ശേഷികളും കുട്ടികൾ നേടി എന്ന് ഉറപ്പുവരുത്തുന്നു.

• പഠനനിലവാരവും ഗുണമേന്മയും ഉറപ്പുവരുത്തുന്നു.

• സമൂഹത്തിന്റെ പൂർണ പിന്തുണ ഉറപ്പാക്കുന്നു

• കല, സാഹിത്യം, കായികം തുടങ്ങി കുട്ടികളുടെ സർവ്വതോന്മുഖ വികാസം ഉറപ്പാക്കുന്നു.

• കൂടുതൽ മെച്ചപ്പെട്ട ഭൗതിക സാഹചര്യം ഒരുക്കുന്നു

• കുട്ടികളുടെ എണ്ണത്തിൽ വർധനവ് പ്രതീക്ഷിക്കുന്നു

• മത്സര പരീക്ഷകളിൽ കൂടുതൽ വിജയികളെ പ്രതീക്ഷിക്കുന്നു.

• മേളകളിൽ നില മെച്ചപ്പെടുത്തുന്നു.

• ആധുനിക സാങ്കേതിക വിദ്യകൾ കൂടുതൽ പ്രയോജനപ്പെടുത്തുന്നു.

# സംഗ്രഹം

പൊതുവിദ്യാലയങ്ങൾ മുഴുവൻ ഉണർവിന്റെ പാതയിൽ മുന്നേറിക്കൊണ്ടിരിക്കുന്ന ഈ നാളുകളിൽ മികവിന്റെ പാതയിൽ ഇനിയും ഏറെദൂരം താണ്ടുന്നതിന് ഞങ്ങളുടെ വിദ്യാലയത്തിന് കരുത്തേകുന്ന ചില പ്രവർത്തനങ്ങളാണ് മുകളിൽ സൂചിപ്പിച്ചത്. വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്ന ഈ കാലഘട്ടത്തിൽ ഏറ്റെടുത്ത പ്രവർത്തനങ്ങൾ പൂർണ്ണതയോടെ നടപ്പിലാക്കാൻ പൊതുസമൂഹത്തിന്റെയും അധികാരികളുടെയും പിന്തുണ ഉണ്ടാകും എന്ന പ്രതീക്ഷയോടെ വരും നാളുകളിൽ അക്കാദമികവും ഭൗതികവും സാമൂഹികവുമായ മേഖലകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ സവിനയം സമർപ്പിക്കുന്നു....

വെള്ളനാട് ഗവ.എൽ.പി.എസും മികവിന്റെ
പാതയിലാണ് എന്ന ഉറപ്പോടെ..

# മികവുകൾ..നേട്ടങ്ങൾ....

| നടപ്പു വർഷം | മുൻ വർഷം |
|---|---|
| പൂർവ്വ വിദ്യാർത്ഥി സംഗമം | സ്കൂൾ മാഗസിൻ |
| മേളകളിൽ മികച്ച നേട്ടം | എൽ.എസ്.എസ് പരീക്ഷയിൽ 9 സ്കോളർഷിപ്പുകൾ |
| ജൈവവൈവിദ്യ പാർക്ക് | സ്കൂളിന്റെ 125-ാം വാർഷികം |
| സ്കൂൾ റേഡിയോ സ്റ്റേഷൻ | മേളകളിലെ മികച്ച വിജയം |
| കാരുണ്യം - പൊതിച്ചോർ വിതരണം | കലോത്സവത്തിലെ മികച്ച വിജയം |
| വിജയഭേരി - പരിഹാര ബോധന പരിപാടി | ബയോഗ്യാസ് പ്ലാന്റ് |
| എൽ.എസ്.എസ്. പരിശീലന ക്ലാസ്, ഈവനിംഗ് ബാച്ച് | മഴവെള്ള സംഭരണി |
| സ്കൂൾ പത്രം | സോപ്പ് നിർമ്മാണം |
| ക്ലാസ് ലൈബ്രറി നവീകരണം, വായനമുറി ഒരുക്കൽ | ചോക്ക് നിർമ്മാണം |
| സീഡ് പേന | |
| പ്രതിഭാ കേന്ദ്രം | |
| കിണർ റീച്ചാർജിംഗ്, സോപ്പ്, ലോഷൻ, ചോക്ക് നിർമ്മാണം | |

**നന്ദി...**

ഈ വിദ്യാലയത്തിന്റെ ഓരോ ചുവടുവയ്പ്പിലും

താങ്ങും തണലുമായി നിന്നവർക്ക്........

# മേഖല: ഇംഗ്ലീഷ്

## ലക്ഷ്യം :കുട്ടികൾക്ക് ആത്മവിശ്വാസത്തോടെ അനായാസം ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാനുള്ള കഴിവ് വളർത്തുക.

| ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| കുട്ടികളെ അനായാസം ഇംഗ്ലീഷ് ഭാഷയിൽ സംസാരിക്കാൻ പ്രാപ്തരാക്കുക. | **Simple Speeches**<br>കുട്ടികൾക്ക് സുപരിചിതമായ വിഷയങ്ങളിൽ ലഘുപ്രസംഗങ്ങൾ നടത്താൻ പരിശീലിപ്പിക്കുന്നു.<br>**Self Introduction**<br>ചെറിയ സദസ്സുകൾക്ക് മുമ്പിലോ വ്യക്തികൾക്കു മുമ്പിലോ സ്വയം പരിചയപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.<br>**Object Description**<br>പരിചിതമായ വസ്തുക്കളുടെ ഗുണ സവിശേഷതകൾ ഉൾപ്പെടുത്തി ലഘു വിവരണം നടത്താനുള്ള പ്രവർത്തനങ്ങൾ.<br>**Conversation**<br>വ്യത്യസ്ത സന്ദർഭങ്ങളിൽ സ്വാഭാവിക സംഭാഷണം തയ്യാറാക്കി അവതരിപ്പിക്കുന്നതിനുള്ള അവസരം. | മാസത്തിൽ ഒരു ദിവസം | 4 | ക്ലാസ് ടീച്ചർ | |
| | **Readers Theatre.**<br>രസകരമായ കഥാഭാഗങ്ങൾ തെരഞ്ഞെടുത്ത് ഭാവാത്മകമായി വായിച്ച് അവതരിപ്പിക്കുന്നു. | പ്രതിമാസം | 3-4 | ഭാഷാ ക്ലബ് അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| കുട്ടികളെ ആശയ ഗ്രഹണത്തോടെയും ഭാവാത്മകമായും ഇംഗ്ലീഷ് ഭാഷ വായിക്കാൻ പ്രാപ്തരാക്കുക. | **News Reading**<br>അസംബ്ലിയിലും സർഗ്ഗവേളയിലും ആകാശവാണിയിലും ഇംഗ്ലീഷിൽ വാർത്ത വായിക്കാൻ കുട്ടികളെ പരിശീലിപ്പിക്കുന്നു.<br>**Chain Reading**<br>വായന ഭാഗങ്ങൾ ചെറു ഭാഗങ്ങളായി വീതിച്ച് കുട്ടികൾ തുടർച്ചയായി വായിക്കുന്നു.<br>**Reading Cards**<br>ഓരോ ക്ലാസിന്റെയും നിലവാരത്തിൽ തയ്യാറാക്കുന്ന ഇംഗ്ലീഷ് വായന കാർഡുകൾ ഉപയോഗിച്ച് ആശയ ഗ്രഹണ വായനയും ശ്രാവ്യ വായനയും നടത്തുന്നു.<br>**Story books reading**<br>ഇംഗ്ലീഷിലെ ബാലസാഹിത്യകൃതികൾ വായിക്കാൻ അവസരം നൽകുന്നു. | | | | |
| ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | **Story Writing Workshop**<br>വ്യക്തിഗതമായി കഥകൾ രചിച്ച് ഗ്രൂപ്പിൽ മെച്ചപ്പെടുത്തി അവതരിപ്പിക്കുന്നതിനുള്ള അവസരം.<br>**Poetry workshop**<br>വ്യക്തിഗതമായി കവിതകൾ രചിച്ച് ഗ്രൂപ്പിൽ മെച്ചപ്പെടുത്തി അവതരിപ്പിക്കുന്നതിനുള്ള അവസരം.<br>**Diary**<br>എല്ലാദിവസവും പ്രധാന സംഭവങ്ങൾ | പ്രതിമാസ പരിപാടി | 1-4 | അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | ഉൾപ്പെടുത്തി ഇംഗ്ലീഷിൽ ഡയറിയെഴുത്ത്.<br>**Inland Magazines**<br>കുട്ടികളുടെ ലഘുരചനകൾ ക്രോഡീകരിച്ച് 'ഇൻലന്റ് മാഗസിൻ' തയ്യാറാക്കുന്നു.<br>**Letter writing**<br>വിശേഷ അവസരങ്ങളിൽ കൂട്ടുകാർക്കോ ബന്ധുക്കൾക്കോ വിശിഷ്ട വ്യക്തികൾക്കോ ഇംഗ്ലീഷ് ഭാഷയിൽ കത്തെഴുത്ത്.<br>**Picture Stories**<br>കഥാ ചിത്രങ്ങൾ നൽകി ഇംഗ്ലീഷിൽ ചിത്രകഥകൾ രൂപപ്പെടുത്തൽ. | | | | |
| ഇംഗ്ലീഷിലെ പദസമ്പത്ത് വർദ്ധിപ്പിക്കൽ. | **Picture Dictionary**<br>വസ്തുക്കളുടെ പേരുകൾ അക്ഷരമാല ക്രമത്തിൽ എഴുതി ചിത്രങ്ങൾ ഒട്ടിച്ച് മനോഹരമായ ചിത്ര നിഘണ്ടു തയ്യാറാക്കൽ.<br>**Word Chain**<br>കുട്ടികളെ ഗ്രൂപ്പ് ആക്കി പരസ്പര ബന്ധമുള്ള വാക്കുകൾ പറഞ്ഞ് എഴുതി പ്രകടിപ്പിക്കുന്ന കളികൾ സംഘടിപ്പിക്കൽ. | | | | |
| ഇംഗ്ലീഷ് ഭാഷയിൽ സർഗാത്മക പ്രകടനങ്ങൾ | **English Assembly**<br>ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിച്ച്,ഇംഗ്ലീഷ് ഭാഷയിൽ അവതരണങ്ങൾ നടത്തുക. | | 1-4 | ഭാഷാ ക്ലബ്ബ് | |

| | | | | | |
|---|---|---|---|---|---|
| നടത്താൻ കുട്ടികളെ പ്രാപ്തരാക്കുക | **Skit /Roleplay**<br>ഇംഗ്ലീഷ് ഭാഷയിൽ ലഘു നാടകങ്ങളും റോൾപ്ലേയും തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>**Cartoon Dialoge & Dubbing**<br>രസകരമായ കാർട്ടൂണുകൾ പ്രദർശിപ്പിക്കുന്നു. കഥാപാത്രങ്ങളുടെ സംഭാഷണം എഴുതി സ്പോട്ട് ഡബ്ബ് ചെയ്യാൻ അവസരം നൽകുന്നു.<br>**English Fest**<br>സ്കൂളിൽ ഒരു ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് നടത്തുന്നു. മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യുന്നു. | | | | |

# വിഷയം: മലയാളം

## ലക്ഷ്യം :വായനയിലും ലേഖനത്തിലും പ്രാവീണ്യം നൽകി കുട്ടിയെ മികച്ച വായനക്കാരനും സർഗാത്മക ശേഷിയുള്ളവനും ആക്കുക

| ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| എല്ലാ കുട്ടികളിലും അക്ഷരങ്ങളും ചിഹനങ്ങളും ഉറപ്പിക്കുക. | **വർക്ക് ഷീറ്റുകൾ**<br>ചിഹനങ്ങൾ /അക്ഷരങ്ങൾ ഒഴിവാക്കിയ വാക്യങ്ങൾ ഉൾപ്പെടുത്തി ചിത്ര സഹിതം തയ്യാറാക്കുന്ന വർക്ക് ഷീറ്റുകൾ.<br>**അക്ഷര കാർഡുകൾ**<br>അക്ഷരങ്ങളും വാക്കുകളും ഉൾപ്പെടുന്ന കാർഡുകൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ.<br>**അക്ഷരക്കൂടാരം**<br>അക്ഷരങ്ങൾ ചിഹനങ്ങൾ എന്നിവ എഴുതിയ കാർഡുകൾ പ്രത്യേകം തയ്യാറാക്കിയ കൂടാരത്തിൽ നിക്ഷേപിച്ച് അവ ഉപയോഗിച്ച് വാക്കുകളും വാക്യങ്ങളും നിർമ്മിക്കുന്നു.<br>**അക്ഷരമരം**<br>ഇലകൾ ഇല്ലാത്ത ഒരു മരച്ചില്ല ക്ലാസിൽ സ്ഥാപിച്ച് ഓരോ യൂണിറ്റിലും പഠിച്ച ഊന്നലക്ഷരങ്ങൾ ഇലകളായും പഴങ്ങളായും സ്ഥാപിക്കുന്നു. അവ ഉപയോഗിച്ച് വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു. | ജൂൺ- ആഗസ്റ്റ് | 1-2 | അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | **സംയുക്ത ഡയറി**<br>രക്ഷിതാവും കുട്ടിയും ചേർന്ന് എല്ലാദിവസവും പ്രധാന സംഭവം ഉൾപ്പെടുത്തി ഡയറി എഴുതുന്നു.<br><br>**അക്ഷരത്തിളക്കം**<br>എഴുത്തിലും വായനയിലും പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് ചിത്രങ്ങൾ, വീഡിയോകൾ, മറ്റു പ്രവർത്തനങ്ങൾ എന്നിവയുടെ സഹായത്തോടെ ആശയ അവതരണ രീതിയിൽ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നു | | | | |
| എല്ലാ കുട്ടികളെയും മലയാളഭാഷയിലെ ലഘുകൃതികളും വായനക്കാർഡുകളും വായിച്ച് ആശയം ഗ്രഹിക്കുന്നതിനും അവ ഭാവാത്മകമായും, ശ്രാവ്യ വായന മാനദണ്ഡങ്ങൾ പാലിച്ചും പ്രകടിപ്പിക്കുന്നതിനും പര്യാപ്തരാക്കുക. | **വായനക്കുറിപ്പ് / വായന പതിപ്പ്**<br>എല്ലാ കുട്ടികളും വായിക്കുന്ന പുസ്തകങ്ങളെ കുറിച്ച് ഒരു പ്രത്യേക നോട്ടുബുക്കിൽ കുറിപ്പുകൾ തയ്യാറാക്കുകയും അവ ഒരു പതിപ്പായി രൂപപ്പെടുകയും ചെയ്യുന്നു.<br>**മികച്ച വായനക്കാരൻ / വായനക്കാരി**<br>വായനക്കുറിപ്പുകളുടെ നിലവാരവും സ്വാഭാവികതയും കണക്കിലെടുത്ത് ഒരു ചെറിയ മുഖാമുഖത്തിന്റെ അടിസ്ഥാനത്തിൽ മികച്ച വായനക്കാരെ തിരഞ്ഞെടുക്കൽ.<br>**ഇടവേള വായന**<br>പിരീഡുകളുടെ ഇടവേളയിലും അധിക സമയത്തും ബാലപ്രസിദ്ധീകരണങ്ങൾ, ബാലസാഹിത്യകൃതികൾ തുടങ്ങിയവ ലഭ്യമാക്കി എല്ലാവരെയും വായനയിലേക്ക് നയിക്കുക. | ആഗസ്റ്റ്-മാർച്ച് | 2-4 | അധ്യാപകർ ഗ്രൂപ്പ് ലീഡർ | സ്പോൺസർഷിപ്പ് |

| | | | | | |
|---|---|---|---|---|---|
| | **വളരുന്ന വായന**<br>പുസ്തകങ്ങളുടെ പേരും കുട്ടികളുടെ പേരും ചാർട്ടിൽ രേഖപ്പെടുത്തി ചുമരിൽ ഒട്ടിച്ച്, വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുന്നു.<br>**വായനച്ചങ്ങല**<br>പുസ്തകങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഭാഗങ്ങളോ കഥകളോ വായന കാർഡുകളോ കുട്ടികൾ വീതിച്ചെടുത്ത് ചങ്ങലയായി വായിക്കുന്നു.<br>**പത്ര പാരായണം**<br>അസംബ്ലിയിലും ആകാശവാണിയിലും സർഗ്ഗ വേളയിലും ലഭ്യമായ സന്ദർഭങ്ങളിൽ പത്രവാർത്തകൾ സ്ഫുടതയോടെ വായിച്ചവതരിപ്പിക്കുന്നു.<br>**വായന മത്സരം**<br>ലഘു സാഹിത്യകൃതികൾ ഉപയോഗിച്ച് ശ്രാവ്യ വായന ശേഷിയും ആശയ ഗ്രഹണ വായനശേഷിയും അളക്കുന്നതിനുള്ള മത്സരങ്ങൾ സംഘടിപ്പിക്കുന്നു.<br>**റീഡേഴ്സ് തിയേറ്റർ**<br>രസകരമായ കഥാഭാഗങ്ങൾ തെരഞ്ഞെടുത്ത് കുട്ടികൾ തന്നെ കഥാപാത്രങ്ങളായിമാറിക്കൊണ്ട് സംഭാഷണങ്ങൾ ഭാവാത്മകമായി വായിച്ച് അവതരിപ്പിക്കുന്നു. | | | | |

| ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| ഭാഷാപരമായ സർഗാത്മക പ്രവർത്തനങ്ങൾക്കും അവതരണങ്ങൾക്കും വേദിയൊരുക്കുക. ഏർപ്പെടാൻ അവസരം. കവിത/കഥ എന്നിവ അവതരിപ്പിക്കൽ | **കാവ്യോത്സവം**<br>കുട്ടികൾ രചിച്ച കവിതകളും വായിച്ചറിഞ്ഞ കുട്ടിക്കവിതകളും പൊതുവേദിയിൽ ഭാവാത്മകമായി അവതരിപ്പിക്കുന്നതിനായി സംഘടിപ്പിക്കുന്ന ശില്പശാല .<br>**സർഗ്ഗവേള**<br>വിവിധ കലാപരിപാടികളുടെ അവതരണത്തിനൊപ്പം കഥകൾ, കവിതകൾ, വിവരണങ്ങൾ, കുറിപ്പുകൾ തുടങ്ങിയവ വ്യത്യസ്ത രീതികളിൽ അവതരിപ്പിക്കാൻ അവസരം നൽകൽ.<br>**കഥയരങ്ങ്:**<br>കുട്ടികൾ രചിച്ചതോ വായിച്ചതോ ആയ രസകരമായ കഥകളുടെ അവതരണ ശിൽപ്പശാല.<br>**പാട്ടരങ്ങ്:**<br>കുട്ടികൾ ശേഖരിക്കുന്ന കുട്ടിപ്പാട്ടുകൾ, വായ്ത്താരികൾ , നാടൻ പാട്ടുകൾ എന്നിവയും സ്വന്തമായി എഴുതിയ പാട്ടുകളും ഈണം നൽകി വിവിധ ഉപകരണങ്ങളുടെ സഹായത്തോടെ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>**പാവകളി**<br>അധ്യാപികയും കുട്ടികളും ചേർന്ന് തയ്യാറാക്കുന്ന വ്യത്യസ്തതരം പാവകൾ | ജൂലൈ-ഫെബ്രുവരി | 1-4 | ഭാഷ ക്ലബ്ബ് വിദ്യാരംഗം | |

| | | | | | |
|---|---|---|---|---|---|
| | ഉപയോഗിച്ച് പാഠഭാഗങ്ങൾ അവതരിപ്പിക്കുന്നു.<br>**ലഘു നാടകങ്ങൾ**<br>പാഠഭാഗങ്ങളോ മറ്റു കഥാഭാഗങ്ങളോ തെരഞ്ഞെടുത്ത അവർക്ക് സംഭാഷണം തയ്യാറാക്കി നാടക രൂപത്തിൽ അവതരിപ്പിക്കുന്നു. | | | | |
| എല്ലാ കുട്ടികളെയും മികച്ച എഴുത്തുകാരാക്കി മാറ്റുക. | **ഡയറി:**<br>എല്ലാ ദിവസത്തെയും പ്രധാന സംഭവങ്ങൾ ഉൾപ്പെടുത്തി മലയാളത്തിൽ ഡയറി എഴുതുന്നു.<br>**സർഗാത്മക ഡയറി:**<br>എല്ലാ കുട്ടികളും തങ്ങളുടെ അനുഭവങ്ങളും കണ്ട കാഴ്ചകളും വ്യത്യസ്ത വ്യവഹാര രൂപങ്ങളിൽ സർഗാത്മകമായി അവതരിപ്പിക്കുന്നു.<br>**ഇൻലന്റ് മാഗസിൻ :**<br>കുട്ടികളുടെ സർഗാത്മക രചനകൾ ക്രോഡീകരിച്ച് ഇൻലന്റ് രൂപത്തിൽ പ്രസിദ്ധീകരിക്കുന്നു | ഒരു മാസം | 1-4 | ക്ലാസ് ലീഡർമാർ ലൈബ്രറി ക്ലബ്ബ് | |
| സി ഡബ്ല്യൂ എസ് എൻ കുട്ടികളെ ഭാഷ അവതരണത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക. | **കളിക്കാം പഠിക്കാം**<br>ഐസിടിയുടെ സഹായത്താൽ കഥാസന്ദർഭങ്ങൾ കാണാനും കേൾക്കാനും അവസരം നൽകുന്നു. കണ്ട വസ്തുതകൾ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | ഒരു ആഴ്ച | 1-4 | ക്ലാസ് ലീഡർ | |

| ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| കുട്ടികളിൽ പദസമ്പത്ത് വർദ്ധിപ്പിക്കുക. | **പദപ്പൊലിമ**<br>ക്ലാസ് അടിസ്ഥാനത്തിൽ കുട്ടികൾ 5 പദങ്ങൾ ശേഖരിക്കുന്നു. പരിചയപ്പെടുന്നു, അവയുടെ അർത്ഥം കണ്ടെത്തി CCA യിൽ അതരിപ്പിക്കുന്നു. അവ ഉപയോഗിച്ച് വാക്കുകൾ/വാക്യങ്ങൾ നിർമ്മിക്കുന്നു.<br>**ഭാഷാനിഘണ്ടു**<br>പാഠഭാഗവുമായി ബന്ധപ്പെട്ട് വരുന്ന പുതിയ പദങ്ങളും അവയുടെ അർത്ഥങ്ങളും വിപരീത പദങ്ങളും ശേഖരിച്ച് അക്ഷരമാല ക്രമത്തിൽ നിഘണ്ടു തയ്യാറാക്കുന്നു.<br>**പദച്ചങ്ങല**<br>തുടർച്ചയായി വരുന്ന അക്ഷരങ്ങളുടെ അടിസ്ഥാനത്തിൽ പദങ്ങൾ നിർമ്മിച്ച് ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു | 2 മാസം | 1-2 | അധ്യാപകർ | |

# മേഖല : പരിസരപഠനം

## ലക്ഷ്യം :കുട്ടികളിൽ ശാസ്ത്രബോധം വളർത്തുകയും പരിസ്ഥിതിയെക്കുറിച്ച് അവബോധം ഉണ്ടാക്കുകയും സ്വന്തമായി പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ശാസ്ത്രപഠനം പൂർണ്ണതയിൽ എത്തിക്കുകയും ചെയ്യുക.

| ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| ശാസ്ത്ര തത്ത്വങ്ങൾ പ്രവർത്തനങ്ങളിലൂടെ മനസ്സിലാക്കുക | **<u>ലഘുപരീക്ഷണങ്ങൾ</u>**<br>ശാസ്ത്ര തത്വങ്ങൾ എളുപ്പം മനസ്സിലാക്കുവാൻ ഉപകരിക്കുന്ന രസകരമായ പരീക്ഷണങ്ങൾ കുട്ടികൾ തന്നെ ചെയ്യുകയും അവയുടെ കുറിപ്പ് എഴുതി സൂക്ഷിക്കുകയും ചെയ്യുന്നു. | രണ്ടാഴ്ചയിൽ ഒരിക്കൽ | 1-4 | | |
| പഠിച്ച ശാസ്ത്രതത്വങ്ങളും സാമൂഹ്യശാസ്ത്ര വസ്തുതകളും പ്രയോഗിച്ച് പൂർണ്ണതയിൽ എത്തിക്കുക.<br><br>CWSN കുട്ടികളെ ശാസ്ത്ര പഠനത്തിൽ പങ്കാളിയാക്കുക. | **<u>ജിഗ്സോ പസിലുകൾ</u>**<br>കേരളത്തിലെ ജില്ലകൾ, ഇന്ത്യയിലെ സംസ്ഥാനങ്ങൾ എന്നിവയുടെ ജിഗ്സോപസിലുകൾ നൽകി ശരിയായി ക്രമീകരിക്കുന്നു. കുട്ടികൾ പസിലുകൾ തയ്യാറാക്കുന്നു.<br>**<u>ആൽബം</u>**<br>പ്രത്യേക വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള ചിത്രങ്ങളും വിവരണങ്ങളും ഉൾപ്പെടുത്തി ആൽബം തയ്യാറാക്കുന്നു. പാഠാവതരണത്തിന് പ്രയോജനപ്പെടുത്തുന്നു. | വർഷത്തിൽ ഒന്ന് | 3-4 | | |

| | | | | | |
|---|---|---|---|---|---|
| | **<u>ഭൂപട വായന</u>**<br>കേരളം,ഇന്ത്യ ഭൂപടത്തിൽ നിന്നും വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ, തുറമുഖം, നദികൾ, പൊതു സ്ഥാപനങ്ങൾ എന്നിവ കണ്ടെത്തി രേഖപ്പെടുത്തുന്നു.<br>**<u>പോസ്റ്റർ</u>**<br>പഠന വസ്തുതകളും ആശയങ്ങളും പോസ്റ്റർ രൂപത്തിൽ പ്രകടിപ്പിക്കുന്നു.<br>**<u>പതിപ്പ്</u>**<br>പാഠഭാഗത്തെ പ്രധാന വസ്തുതകളുമായിബന്ധപ്പെട്ട രചനകൾ , ഉൽപ്പന്നങ്ങൾ എന്നിവ ചേർത്ത് പതിപ്പുകൾ തയ്യാറാക്കുന്നു.<br>**<u>ശാസ്ത്ര നാടകം</u>**<br>പാഠഭാഗത്തെ ആധാരമാക്കി ശാസ്ത്രനാടകം രചിക്കൽ; അത് സ്കൂളിൽ അവതരിപ്പിക്കൽ.<br>**<u>ഡിസ്പ്ലേ ബോർഡുകൾ</u>**<br>പരിസര പഠന പ്രവർത്തനങ്ങളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള ഡിസ്പ്ലേ ബോർഡുകൾ.<br>**<u>സയൻസ് ഫെസ്റ്റ്</u>**<br>ശാസ്ത്ര സാമൂഹിക ശാസ്ത്രത്തിൽ ഒന്നു മുതൽ നാലു വരെയുള്ള പാഠഭാഗവുമായി ബന്ധപ്പെട്ട ക്ലാസ് തല പ്രവർത്തനങ്ങളിൽ നിന്നും ലഭ്യമായ ഉൽപ്പന്നങ്ങളുടെ പ്രദർശനം | | | | |

| | | | | | |
|---|---|---|---|---|---|
| CWSN<br>ഉൾപ്പെടെ എല്ലാ കുട്ടികളിലും നിരീക്ഷണത്തിലൂടെയും നേരനുഭവങ്ങളിലൂടെയും ശാസ്ത്രപഠനശേഷി വികസിപ്പിക്കുക. | **<u>പ്രോജക്ട്</u>**<br>അധ്യാപകരുടെ മേൽനോട്ടത്തിൽ വിഷയങ്ങളിൽ പ്രോജക്ട് തയ്യാറാക്കുന്നു.<br>**<u>പ്രകൃതി നടത്തം; ഫീൽഡ് ട്രിപ്പ്</u>**<br>പൊതു സ്ഥാപനങ്ങൾ, തൊഴിലിടങ്ങൾ, ജൈവ ആവാസ വ്യവസ്ഥകൾ,കൃഷിയിടങ്ങൾ ജലാശയങ്ങൾ തുടങ്ങിയവ സന്ദർശിക്കുന്നതിനുള്ള സാഹചര്യമൊരുക്കൽ.<br>**<u>ജൈവവൈവിധ്യ പാർക്ക്</u>**<br>സ്കൂളിലെ ജൈവവൈവിധ്യ പാർക്ക് മെച്ചപ്പെടുത്തൽ ശലഭോദ്യാനം ഔഷധത്തോട്ടം,പച്ചക്കറിത്തോട്ടം എന്നിവയുടെ നിർമ്മാണം/ പരിപാലനം/ നിരീക്ഷണം | ടേമിൽ ഒന്ന് | 3-4 | | |
| ശാസ്ത്രബോധവും സാമൂഹ്യബോധവും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. | **<u>ക്യാമ്പുകൾ</u>**<br>പരിസര പഠനവുമായി ബന്ധപ്പെട്ട സഹവാസ ക്യാമ്പുകളും പകൽ ക്യാമ്പുകളും സംഘടിപ്പിക്കുന്നു.<br>**<u>ബോധവൽക്കരണ ക്ലാസുകൾ:</u>**<br>വ്യത്യസ്ത സാമൂഹിക വിഷയങ്ങളുമായി ബന്ധപ്പെട്ട് കുട്ടികൾക്കും മുതിർന്നവർക്കും (രക്ഷിതാക്കൾക്കും ) ഉള്ള അവബോധ പ്രവർത്തനങ്ങളും ക്ലാസുകളും. | | 1-4 | | |

| | | | | | |
|---|---|---|---|---|---|
| | **<u>അഭിമുഖം:</u>**<br>വിവിധ വിഷയങ്ങളിൽ പ്രാഗല്ഭ്യം ഉള്ള വ്യക്തികളുമായി കുട്ടികൾക്ക് അഭിമുഖം നടത്താൻ അവസരം<br>**<u>ദിനാചരണങ്ങൾ:</u>**<br>ശാസ്ത്ര / സാമൂഹ്യശാസ്ത്ര ബന്ധിതമായ ദിനാചരണങ്ങളുടെ നടത്തിപ്പും പരിപാടികളുടെ സംഘാടനവും നടത്തുന്നതിന് കുട്ടികൾക്കും രക്ഷിതാക്കൾക്കും സംയുക്തമായി അവസരം നൽകുന്നു | | | | |

മേഖല: ഗണിതം

**ലക്ഷ്യം:അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികളിലും ഉറപ്പിക്കുക. ഗണിതത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തി കുട്ടികൾക്ക് ഗണിതത്തിൽ താല്പര്യമുളവാക്കുക. സവിശേഷ വൈഭവമുള്ള കുട്ടികളെ കണ്ടെത്തുക.**

| ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| എല്ലാ കുട്ടികളിലും ഗണിതത്തോട് ആഭിമുഖ്യം വളർത്തുക. | **ഗണിതകേളികൾ:**<br>ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകേളികൾ സംഘടിപ്പിക്കുന്നു.<br>**ഗണിത നിർമ്മാണങ്ങൾ /ദ്വിമാന / ത്രിമാന മാതൃകകൾ** :<br>പേപ്പർ, പനയോല, കൈതയോല, പാഴ് വസ്തുക്കൾ തുടങ്ങിയവ ഉപയോഗിച്ച് ദ്വിമാന /ത്രിമാന ഗണിത രൂപങ്ങളുടെ നിർമ്മാണം.<br>**വർക്ക് ഷീറ്റുകൾ**<br>ഗണിത പഠനം ലഘൂകരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി പ്രവർത്തന കാർഡുകളും വർക്ക് ഷീറ്റുകളും തയ്യാറാക്കൽ.<br>**പദപ്രശ്നങ്ങൾ**<br>രസകരമായ ചോദ്യങ്ങൾ ഉൾപ്പെടുത്തി ഗണിത പദപ്രശ്നം രൂപീകരിക്കൽ.<br>**ഗണിത ക്വിസ്**<br>ഗണിതവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ഉൾപ്പെടുത്തിയുള്ള പ്രശ്നോത്തരി .<br>**ഗണിത വിജയം / ഉല്ലാസ ഗണിതം**<br>സമഗ്ര ശിക്ഷ കേരള ലഭ്യമാക്കിയിട്ടുള്ള ഉല്ലാസഗണിതം | 4 മാസം | 3-4 | അധ്യാപകർ | പി ടി എ |

| | | | | | |
|---|---|---|---|---|---|
| | ഗണിതവിജയം കിറ്റുകൾ ഉപയോഗിച്ചുള്ള പഠനം.<br>**ഗണിത അസംബ്ലി :**<br>ഗണിതത്തിന് പ്രാധാന്യം നൽകിക്കൊണ്ടും ഗണിത വസ്തുതകൾ ഉപയോഗിച്ചു കൊണ്ടും സംഘടിപ്പിക്കുന്ന സ്കൂൾ അസംബ്ലി<br>**ഗണിത കിറ്റ്**<br>ഗണിത പഠനത്തിന് അനിവാര്യമായ വസ്തുക്കൾ അടങ്ങുന്ന കിറ്റുകൾ തയ്യാറാക്കൽ<br>**ഗണിത ലാബ്:**<br>ഗണിത പഠനത്തിന് സഹായകമാകുന്നതും ഗണിതത്തിൽ താൽപര്യം ജനിപ്പിക്കുന്നതുമായ പ്രധാന വസ്തുക്കൾ ഉൾപ്പെടുത്തി ലാബ് തയ്യാറാക്കൽ. | | | | |
| ഗണിത പഠനത്തിൽ ഐ.ടി സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക | **സ്മാർട്ട് മാത്സ്**<br>കമ്പ്യൂട്ടർ, കളിപ്പെട്ടി (ജി- കോംപ്രിക്സ്) എന്നിവയുടെ സഹായത്തോടെ ഗണിത പ്രവർത്തനങ്ങൾ നടത്തുന്നു. സമയം കണ്ടെത്താം, സമയനാട,സമയചക്രം | ജൂൺ-മാർച്ച് | 1-4 | ഗണിത അധ്യാപകർ | പി ടി എ വിദ്യാഭ്യാസ ഏജൻസികൾ |
| ഗണിത പഠനത്തിൽ ആവശ്യകതാബോധം സൃഷ്ടിക്കുക /പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് | **ബിൽ ഓഡിറ്റിംഗ്:**<br>ലഭ്യമായ ബില്ലുകൾ ചെറു ഗ്രൂപ്പുകൾക്ക് നൽകി അത് ഓഡിറ്റ് ചെയ്യുന്നതിനുള്ള പ്രവർത്തനം.<br>**സർവ്വേ /സ്ഥിതി** | ജൂൺ-മാർച്ച് | 1-4 | അധ്യാപകർ | പ്രാദേശിക വിഭവങ്ങളുടെ ഉപഭോഗം |

| | | | | | |
|---|---|---|---|---|---|
| പ്രാപ്തരാക്കുക. | **വിവരക്കണക്കുകൾ**<br>സ്കൂൾ ക്യാമ്പസിലെയും വീട്ടുപരിസരത്തിലെയും വിവിധ വസ്തുക്കളുടെ എണ്ണം സംബന്ധിച്ച സർവേയും പട്ടിക തയ്യാറാക്കലും കണക്കെടുപ്പും.<br>**അളവുകൾ / തൂക്കങ്ങൾ:**<br>സ്കൂൾ ക്യാമ്പസിലെയും വീട്ടുപരിസരത്തിലെയും വിവിധ വസ്തുക്കളുടെ നീളം ,പൊക്കം, തൂക്കം തുടങ്ങിയവ സംബന്ധിച്ച നിരീക്ഷണവും പട്ടിക തയ്യാറാക്കലും താരതമ്യവും.<br>**ഓണസ്റ്റി ഷോപ്പ് :**<br>വിലവിവരപ്പട്ടികയുടെ സഹായത്തോടെ കുട്ടികൾ തന്നെ നിയന്ത്രിതമായി വസ്തുക്കൾ എടുക്കുകയും പണം നിക്ഷേപിക്കുകയും ചെയ്യുന്ന കട. | | | | |
| ഗണിതത്തോടുള്ള ആഭിമുഖ്യം വളർത്തുന്നതിന് | **ഗണിത അസംബ്ലി**<br>ഗണിതത്തോടുള്ള ആഭിമുഖ്യം വളർത്തുന്നതിന് | | | | |
| സാമൂഹിക പാരിസ്ഥിതിക അവബോധം വളർത്തുന്നതിന് ഗണിത പഠനം പ്രയോജനപ്പെടുത്തുക. | **ഹാപ്പി ബെർത്ത്ഡേ**<br>സ്കൂളിലെ മുഴുവൻ കുട്ടികൾക്കും അവരുടെ പിറന്നാളിന് ആശംസകൾനേരുന്നു. ജന്മദിന പുസ്തകത്തിൽ ഓരോ മാസവും പിറന്നാൾ ആഘോഷിക്കുന്ന | ഓരോ മാസവും | 1-4 | അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | കുട്ടികളുടെ പേരും ക്ലാസും തീയതിയും എഴുതുന്നു. നോട്ടീസ് ബോർഡിൽ പിറന്നാൾ ആശംസകൾ പ്രദർശിപ്പിക്കുന്നു. | | | | |
| കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഗണിത നേട്ടങ്ങളും ആർജിക്കുക. ഗണിത പഠനശേഷി വികസിപ്പിക്കുക | **ഗണിതലാബ്**<br>വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ, ഇവിടെ വച്ച് പ്രവൃത്തി പരിചയം, പരിഹാരബോധനം, തുടർ പ്രവർത്തനം, അധിക പ്രവർത്തനം എന്നിവ - വർക്ക് ഷീറ്റ്, യൂണിറ്റ് ടെസ്റ്റ്, പോർട്ട് പോളിയോ, ഗണിത പതിപ്പുകൾ ഗണിത മാഗസിനുകൾ എന്നിവയുടെ സഹായത്തോടെ നൽകുന്നു. | ആവശ്യാനുസരണം | 1-4 | ഗണിത അധ്യാപകർ | |
| **സി.ഡബ്ല്യു എസ് എൻ** കുട്ടികളെ മുഖ്യധാരയിലെത്തിക്കുക. ഗണിത പഠനത്തിലെ പരിമിതികൾ മറികടക്കാൻ പിന്തുണ നൽകുക. | **കണക്കിന് ഒരു കൈത്താങ്ങ്**<br>ജ്യാമിതീയ രൂപനിർമ്മാണം, തരംതിരിക്കൽ (വലുത് ചെറുത്, കൂടുതൽ,കുറവ്) നിറം നൽകാം. തരംതിരിക്കാം (സാമ്യമുള്ള നിറങ്ങൾക്ക് ഒരേ നിറം നൽകൽ) ആരോഹണ അവരോഹണ ക്രമത്തിൽ വസ്തുക്കളെ തരംതിരിക്കൽ, ടാങ്ഗ്രാം, ബിൽഡിംഗ് ബ്ലോക്ക്. | ജൂൺ-മാർച്ച് | 1-4 | ഗണിത അധ്യാപകർ | |
| ഗണിത പഠനത്തിന് രക്ഷിതാക്കളുടെ സഹായം ഉറപ്പിക്കുന്നതിനുള്ള പിന്തുണയും പങ്കാളിത്തവും ഉറപ്പാക്കുന്ന രീതി വികസിപ്പിക്കുന്നു | **ശില്പശാല**<br>പഠനോപകരണ നിർമ്മാണ ശില്പശാല | ആഗസ്റ്റ് | 1-4 | | |

## മേഖല: കലാ-കായിക പഠനം

## ലക്ഷ്യം :കുട്ടികളെ പഠനത്തോടൊപ്പം കലാ-കായികരംഗത്തും മികവ് പുലർത്തുന്നതിന് പര്യാപ്തമാക്കുക.

| ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| കുട്ടികളുടെ കലാപരമായ കഴിവുകളുടെ വികാസം | **<u>ചിത്രരചന</u>**<br>ചിത്രരചനയിൽ ആഭിമുഖ്യമുള്ള കുട്ടികൾക്കായി ചിത്രരചനാ മത്സരങ്ങളും പരിശീലനകളരിയും സംഘടിപ്പിക്കൽ.<br>കുട്ടികളുടെ മറ്റ് സർഗ്ഗശേഷികൾ വികസിപ്പിക്കുന്നതിനുവേണ്ട പരിശീലനവും സാഹചര്യവും ഒരുക്കുക | മാസത്തിൽ ഒന്നു വീതം | 1-4 | അധ്യാപകർ ബി.ആർ.സി | |
| കുട്ടികളുടെ ശാരീരികശേഷി വികാസം | **<u>കായിക പരിശീലനം</u>**<br>കായിക മേഖലയിൽ താല്പര്യമുള്ള കുട്ടികൾക്ക് പരിശീലനം നൽകുക, കായിക മേളകൾ സംഘടിപ്പിക്കുക, യോഗ പരിശീലനം, ആരോഗ്യകരമായ ജീവിതശൈലി പരിശീലനം | | 1-4 | അധ്യാപകർ | പി.ടി.എ |

# മേഖല:സാമൂഹികം
# ലക്ഷ്യം:കുട്ടികളിൽ സാമൂഹിക പ്രതിബദ്ധത വളർത്തുക

| ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ക്ലാസ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| പ്രത്യക്ഷ അനുഭവത്തിലൂടെ പാഠ്യപദ്ധതികൾ ഗ്രഹിക്കുന്നു | **പഠനയാത്ര**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് പ്രാധാന്യമർഹിക്കുന്ന സ്ഥലങ്ങളിലേക്ക് നടത്തുന്ന പഠന യാത്രകൾ. | 1 ടേമിൽ ഒന്ന് വീതം | 1-4 | എസ് ആർ ജി | പി.ടി.എ |
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | **കോർണർ പിടിഎ**<br>സമൂഹവുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനായും രക്ഷിതാക്കളുടെ മുഴുവൻ പങ്കാളിത്തം ഉറപ്പാക്കുന്നതിനും കോർണർ പിടിഎ സംഘടിപ്പിക്കുന്നു. | | | | |
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | **പോഷകാഹാര പരിപാടി**<br>ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്തമായ വിഭവങ്ങൾ ഉൾപ്പെടുത്തി പോഷകസമൃദ്ധമായ പ്രാതലും ഉച്ചയൂണും നൽകൽ. | | | | |
| പ്രതിഭകൾക്കു വിദഗ്ധ പരിശീലനവും ക്ലാസുകളും നൽകൽ | **പ്രതിഭ**<br>ഉയർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസുകൾ സംഘടിപ്പിക്കൽ.<br>എൽ എസ് എസ് പരീക്ഷയ്ക്ക് വേണ്ട പ്രത്യേക പരിശീലനം നൽകൽ. | അവധി ദിനങ്ങളിലും അധിക സമയം കണ്ടെത്തിയും | 4 | | |

| | | | | | |
|---|---|---|---|---|---|
| പ്രതിഭകളെ ആദരിക്കൽ | **<u>ആദരം</u>**<br>സ്കൂൾതലം ഉപജില്ലാതലം, ജില്ലാതലം,സംസ്ഥാനതല വിജയികൾക്ക് സമ്മാനം നൽകി ആദരിക്കൽ. | മത്സരങ്ങൾക്കു ശേഷം | | | |
| അറിവിന്റെ നിരന്തരമായ പുതുക്കൽ | **ചെപ്പ്**<br>ദിവസവും ഒരു ആനുകാലിക പ്രാധാന്യമുള്ളതോ വിജ്ഞാനപ്രദമായതോ ആയ ചോദ്യം നോട്ടീസ് ബോർഡിൽ എഴുതുന്നു. കുട്ടികൾ അതിനുത്തരം ചെപ്പിൽ നിക്ഷേപിക്കുന്നു. ശരിയുത്തരത്തിൽ നിന്നും നറുക്കിട്ട് ഒരാൾക്ക് സമ്മാനം നൽകുന്നു. | ദിവസവും | | | |
| ജനാധിപത്യ വ്യവസ്ഥിതിയെ കുറിച്ചുള്ള അറിവ് കുട്ടിയിൽ ഉണ്ടാക്കൽ | **<u>സ്കൂൾ പാർലമെന്റ്</u>**<br>ജനാധിപത്യരീതിയിൽ തെരഞ്ഞെടുപ്പ് നടത്തി സ്കൂൾ പാർലമെന്റ് രൂപീകരിക്കുന്നു. വിവിധ വകുപ്പുകളെയും തലവന്മാരെയും നിശ്ചയിക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം മുഴുവൻ | | | |
| വിദ്യാലയവും സമൂഹവുമായുള്ള ബന്ധം മെച്ചപ്പെടുത്തുക | **<u>മെഡിക്കൽ ക്യാമ്പ്</u>**<br>പൊതുജനങ്ങൾക്കായി പിടിഎയുടെ ആഭിമുഖ്യത്തിൽ സ്കൂൾ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. | മദ്ധ്യവേനൽ അവധി | | | |
| സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ | **<u>പൂർവ്വ വിദ്യാർത്ഥി സംഗമം</u>**<br>വിവിധ കാലഘട്ടങ്ങളിൽ പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ അവരുടെ മുമ്പിൽ വിദ്യാലയത്തിന്റെ ആവശ്യം വയ്ക്കൽ. | വർഷത്തിൽ രണ്ടു പ്രാവശ്യം | | | |

| | | | | | |
|---|---|---|---|---|---|
| മികച്ച മാതൃകകൾ കണ്ടെത്തൽ | <u>**സ്കൂൾ സന്ദർശനം**</u><br>മികവുറ്റ മറ്റൊരു വിദ്യാലയം സന്ദർശിക്കുന്നു.അവിടത്തെ പ്രവർത്തനങ്ങൾ നേരിട്ട് മനസ്സിലാക്കുകയും റിപ്പോർട്ട് തയ്യാറാക്കുകയും അനുകരണീയമായ മാതൃകകൾ സ്വീകരിക്കുകയും ചെയ്യുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | | | |
| ജീവകാരുണ്യം, വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കുവയ്ക്കൽ | <u>**പൊതിച്ചോറ്**</u><br>സ്കൂളിന് സമീപത്ത് മുളയറ-നെടുംകുഴി എന്ന ഭാഗത്ത് സ്ഥിതിചെയ്യുന്ന ആശ്വാസ് എന്ന പുനരധിവാസ കേന്ദ്രത്തിലെ അന്തേവാസികൾക്ക് മാസത്തിലൊരിക്കൽ പൊതിച്ചോറ് നൽകുന്നു. | എല്ലാ മാസവും | | | |
| ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പഠനം | <u>**സ്മാർട്ട് ക്ലാസ്സ് റൂം**</u><br>ഹൈടെക് സൗകര്യമുള്ള ക്ലാസ് മുറി,വീഡിയോ ലൈബ്രറി,ലാപ്ടോപ്പ് പ്രൊജക്ടർ,സൗണ്ട് സിസ്റ്റം തുടങ്ങിയ സൗകര്യങ്ങൾ. | 1 വർഷം | 1-4 | | |
| വിദ്യാലയവുമായുള്ള സാമൂഹിക ബന്ധം മെച്ചപ്പെടുത്തൽ | <u>**പിഎസ് സി പരിശീലനം**</u><br>രക്ഷിതാക്കൾക്കും പിഎസ്സി പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നവർക്കും വേണ്ട പരിശീലനം സ്കൂളിൽ വച്ച് നടത്തുകയും മാതൃക പരീക്ഷകൾ നടത്തുകയും ചെയ്യുന്നു. | | | | |
| ലൈബ്രറി വിപുലീകരണം | പുസ്തകത്തൊട്ടിൽ ഉപയോഗിച്ചും അല്ലാതെയും സാമൂഹ്യപങ്കാളിത്തത്തോടെ പുസ്തകങ്ങൾ ശേഖരിച്ച് ലൈബ്രറി വിപുലപ്പെടുത്തുന്നു. | | | | |

# വിദ്യാലയ രൂപരേഖ......

